"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ആലപ്പുഴ സൗത്ത് ആര്യാട് ലൂഥറൻ എച്ച്.എസ് ലെ എൽ.പി.എസ്.ടി ശ്രീമതി റ്റി. റാണി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുളള W.A.No.1544/2025 മേലുള്ള വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3829/2026/GEDN തീയതി,തിരുവനന്തപുരം, 08-06-2026

---

പരാമർശം:- 1) 18.10.2023 ലെ സ.ഉ.(സാധാ)നം.6364/2023/പൊ.വി.വ.

2) WP(C)No.37958/2023 കേസിലെ 03.06.2025 ലെ വിധിന്യായം.

3) W.A.1544/2025 നമ്പർ കേസിലെ 09.09.2025 ലെ വിധിന്യായം.

4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.03.2026 ലെ DGE/22238/2025-EC1 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ സൗത്ത് ആര്യാട് ലൂഥറൻ എച്ച്.എസ് ലെ എൽ.പി.എസ്.ടി ശ്രീമതി റ്റി.റാണിയുടെ 07.06.2000 മുതൽ 03.09.2002 വരെയുള്ള എൽ.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.33570/2019 കേസിലെ 05.04.2023 ലെ വിധിന്യായം നടപ്പിലാക്കി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവ് റദ്ദാക്കണമെന്നും തന്റെ 07.06.2000 മുതൽ 03.09.2002 വരെയുള്ള നിയമനം അംഗീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി റ്റി.റാണി വീണ്ടും WP(C)No.37958/2023 പ്രകാരം കേസ് ഫയൽ ചെയ്യുകയും, 23 വർഷത്തിന് ശേഷം 07.06.2000 മുതലുള്ള നിയമനത്തിന് അവകാശവാദം ഉന്നയിച്ചതിനാൽ കാലതാമസം കാരണം ടി റിട്ട് ഹർജി പരാമർശം (2) വിധിന്യായ പ്രകാരം ബഹു. കോടതി തള്ളുകയുണ്ടായി. ആയതിനെതിരെ ശ്രീമതി റ്റി.റാണി ബഹു. ഹൈക്കോടതിയിൽ W.A.No.1544/2025 ഫയൽ ചെയ്യുകയും പ്രസ്തുത കേസ് പരിഗണിച്ച ബഹു കോടതി, പരാമർശം (1) സർക്കാർ ഉത്തരവ് (എക്സിബിറ്റ് പി9) റദ്ദാക്കുകയും, എക്സിബിറ്റ് പി8 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിഷയം പുന:പരിശോധിച്ച് മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) റിപ്പോർട്ട് പ്രകാരം,

i. ആലപ്പുഴ സൗത്ത് ആര്യാട് ലൂഥറൻ എച്ച് എസ് ൽ ശ്രീമതി.റ്റി.റാണി 04.10.1999 മുതൽ 06.12.1999 വരെയുള്ള കാലയളവിൽ നിയമനാംഗീകാരം ലഭിച്ച ചട്ടം 51എ അവകാശിയാണ്. തുടർന്ന് ടി അധ്യാപികയുടെ 07.06.2000 മുതലുള്ള എൽ.പി.എസ്.റ്റി നിയമനം മുതിർന്ന ചട്ടം 51എ അവകാശികളുടെ നിയമനം നിരസിച്ചിട്ടുള്ള കാരണത്താലും ശ്രീമതി.ആർ.ആശ,

ശ്രീമതി.വി.മായ എന്നീ അധ്യാപകർ ഫയൽ ചെയ്തിരുന്ന ഒ.പി നം.8269 ലെ വിധിന്യായം നടപ്പിലാക്കാത്തതിനാലും നിരസിക്കപ്പെട്ടു. ആയതിന്മേലുള്ള അപ്പീൽ നിരസിക്കപ്പെട്ടത് പ്രകാരം ശ്രീമതി റ്റി റാണിയും മറ്റൊരു അദ്ധ്യാപികയായ ശ്രീമതി ലിനി ലോറൻസും ഫയൽ ചെയ്ത WP(C)No. 22401/2004 മേലുള്ള 29.07.2004 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 04.09.2002 മുതൽ നിയമനം പരിമിതപ്പെടുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽ കി. 07.06.2000 മുതൽ നിയമിതയായിരുന്നു എങ്കിലും, ഒഴിവ് ലഭ്യമായ 04.09.2002 മുതലുള്ള നിയമനം അംഗീകരിക്കണമെന്നതായിരുന്നു ആവശ്യം. ബഹു. കോടതിയുടെ ഇടക്കാല ഉത്തരവിലൂടെ നിയമനാംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾ 2006 ൽ റിട്ട് ഹർജി പിൻവലിച്ചു. തുടർന്ന് 23.02.1998 മുതൽ 30.03.1998 വരെയും 07.06.2000 മുതൽ 03.09.2002 വരെയുമുള്ള കാലയളവുകളിലെ നിയമനങ്ങൾ അംഗീകരിച്ച് ലഭിക്കുന്നതിനായി ടിയാൾ വീണ്ടും ഫയൽ ചെയ്ത WP(C)No. 8696/2005 (1) ലെ 16.03.2005 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള 07.02.2006 ലെ സ.ഉ.(സാധാ)നം.618/2006/പൊ.വി.വ പ്രകാരം ടിയാളുടെ 07.06.2000 മുതൽ 03.09.2002 വരെയുള്ള കാലയളവിലെ നിയമനം, മുതിർന്ന അവകാശികളുടെ ലാവണം ക്രമീകരിച്ച നടപടിയ്ക്ക് ശേഷം അംഗീകരിക്കുവാൻ ഉത്തരവായി.

**ii.** മുതിർന്ന അദ്ധ്യാപകരായ ശ്രീമതി ആർ ആശ, ശ്രീമതി വി മായ എന്നിവരുടെ 04.09.2002 ന് മുൻപുള്ള ലാവണം ക്രമീകരിക്കപ്പെട്ടിട്ടില്ലാത്തതും ഒഴിവ് ലഭ്യമല്ലാത്തതിനാൽ മറ്റ് മൂന്ന് മുൻഗണന അവകാശികളുടെ നിയമനം 04.09.2002 മുതൽ അംഗീകരിക്കപ്പെട്ടതിനാലുമാണ് ശ്രീമതി റ്റി റാണിയുടെ നിയമനവും 04.09.2002 മുതൽ റിട്ട് ഹർജിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ടത്. ശ്രീമതി ആർ ആശയുടെ നിയമനം കോടതിവിധിയുടെ അടിസ്ഥാനത്തിൽ തന്നെ സ്ഥിരീകൃത ഒഴിവ് ലഭ്യമല്ലാതെ തന്നെ 26.02.1997 മുതൽ അംഗീകരിച്ച് നൽകി. അപ്രകാരം സ്ഥിരീകൃത ഒഴിവിൽ ലാവണം ക്രമീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാളുടെ 26.02.1997 മുതലുള്ള ശമ്പളം നൽകിയിരുന്നില്ല. ഇത് സംബന്ധിച്ച് ടിയാൾ WP(C)No.17096/2023 ഫയൽ ചെയ്യുകയും കോടതി വിധിന്യായത്തിൽ ടിയാളുടെ ലാവണം ഒഴിവുള്ള തസ്തികയിൽ ക്രമീകരിക്കുവാൻ നിർദ്ദേശം നൽകി. എന്നാൽ സ്ഥിരീകരിച്ച ഒഴിവ് ലഭ്യമല്ലാത്തതിനാൽ ശ്രീമതി ആർ ആശയുടെ 15.07.1993 മുതൽ 16.12.1998 വരെയും 20.03.1999 മുതൽ 02.06.1999 വരെയുമുള്ള കാലയളവുകളിലെ ലാവണം ക്രമീകരിക്കപ്പെട്ട് കോടതി ഉത്തരവ് നടപ്പിലായതായി കാണുന്നില്ല. ഇക്കാരണങ്ങളാൽ ഇതേ കാലയളവിലെ ടിയാളുടെ ശമ്പളാനുകൂല്യങ്ങളും നൽ കിയിട്ടില്ല. ശ്രീമതി.വി.മായയുടെ 13.06.1997 മുതൽ 30.11.2001 വരെയുള്ള നിയമനം നിരസിക്കപ്പെട്ടിരുന്നു. ശേഷം കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരീകരിച്ച ഒഴിവ് ലഭ്യമല്ലാതെ തന്നെ നിയമനാംഗീകാരം ലഭിക്കുകയും, ടിയാളുടെ ശമ്പളാനുകൂല്യങ്ങൾ വിതരണം ചെയ്യുകയുണ്ടായി. അപ്രകാരം ടിയാളുടെ 13.06.1997 മുതൽ 30.11.2001 വരെയുള്ള ലാവണവും വ്യവസ്ഥാപിതമായ ഒഴിവിൽ ക്രമീകരിക്കപ്പെടാതെ തുടരുന്നു.

**iii.** നിയമനാംഗീകാരം ലഭിക്കുന്നതിനായി ശ്രീമതി റ്റി റാണി ഫയൽ ചെയ്ത റിട്ട് ഹർജിയിലെ വിധിന്യായ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിൽ കേൾക്കുകയും, ശ്രീമതി ബി.എൽ കവിത (അംഗീകൃത സർവ്വീസ് 16.07.1998 മുതൽ 15.09.1999 വരെ), ശ്രീമതി വന്ദന മണിയപ്പൻ (04.06.1999 മുതൽ 13.10.1999 വരെ), ശ്രീമതി മോബിൾ ജോസഫ് (16.08.1999 മുതൽ 17.10.1999 വരെ) എന്നിവരുടെ നിയമനം ഒഴിവ് സ്ഥിരീകരിച്ച് തസ്തിക ലഭ്യമല്ലാത്ത കാരണത്താൽ 04.09.2002 മുതൽ പരിമിതപ്പെടുത്തിയാണ് അംഗീകരിച്ചത്. ശ്രീമതി ആർ

ആശ, ശ്രീമതി വി മായ എന്നീ മുതിർന്ന അവകാശികളുടെ നിയമനം കോടതി വിധിയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച കാലയളവിലെ ലാവണം സ്ഥിതീകരിച്ച ഒഴിവ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ, ശ്രീമതി റാണിയുടെ നിയമനാംഗീകാരം, ഒഴിവ് സ്ഥിരീകൃതമല്ലാത്തതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് വിധിന്യായം പ്രാവർത്തികമാക്കി. അപ്രകാരം ശ്രീമതി റാണിയുടെ 07.06.2000 മുതൽ 03.09.2002 വരെയുള്ള നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് മേൽ വിവരിച്ച തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. കൂടാതെ ടിയാളുടെ 23.02.1998 മുതൽ 30.03.1998 വരെയുള്ള തിരുവനന്തപുരം പൊൻവിള ലൂഥറൻ എൽ.പി.എസ് ലെ നിയമനം, ശ്രീമതി ആർ ആശ, ശ്രീമതി വി മായ എന്നിവരുടെ നിയമനം ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകുവാൻ നെയ്യാറ്റിൻകര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി. എന്നാൽ, കോടതിവിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരീകൃത ഒഴിവ് ഇല്ലാതെ നിയമനം അംഗീകരിക്കുക മാത്രമാണ് ഉണ്ടായത്. ടി അദ്ധ്യാപികയുടെ ഈ കാലയളവിലെ ലാവണം സ്ഥിരീകൃത ഒഴിവില്ലാത്ത കാരണത്താൽ ക്രമീകരിക്കപ്പെട്ടിട്ടില്ല. അപ്രകാരം ശ്രീമതി ആർ ആശ, ശ്രീമതി വി മായ തുടങ്ങിയ മുതിർന്ന അവകാശികളുടെ നിയമനം അംഗീകരിക്കപ്പെട്ട കാലയളവിലെ ലാവണ ക്രമീകരണം സ്ഥിരീകൃത ഒഴിവില്ലാത്ത കാരണത്താൽ പൂർത്തിയാക്കിയിട്ടില്ലാത്തിനാൽ ശ്രീമതി റാണിയുടെ 07.06.2000 മുതൽ 03.09.2002 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കുന്നതിനുള്ള തടസ്സം നിലനിൽക്കുന്നു.

3. സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി റ്റി. റാണിയുടെ 07.06.2000 മുതൽ 03.09.2002 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കണമെന്നാണ് ടിയാളുടെ ആവശ്യം. മുതിർന്ന അവകാശികളായ ശ്രീമതി.ആർ.ആശ, ശ്രീമതി.വി.മായ എന്നിവരുടെ ലാവണം സ്ഥിതീകരിച്ച ഒഴിവ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ, ശ്രീമതി റാണിയുടെ നിയമനാംഗീകാരം, ഒഴിവ് സ്ഥിരീകൃതമല്ലാത്തതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. മുതിർന്ന അവകാശികളായ ശ്രീമതി ആർ ആശയുടെ 15.07.1993 മുതൽ 16.12.1998 വരെയും 20.03.1999 മുതൽ 02.06.1999 വരെയുമുള്ള കാലയളവുകളിലെ ലാവണവും, ശ്രീമതി മായ യുടെ 13.06.1997 മുതൽ 30.11.2001 വരെയുള്ള ലാവണവും നിലവിലും ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല.

4. മേൽ സാഹചര്യത്തിൽ, സ്ഥിരീകരിച്ച ഒഴിവ് ലഭ്യമല്ലാത്തതിനാൽ, ശ്രീമതി റാണിയുടെ 07.06.2000 മുതൽ 03.09.2002 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ചും അപ്രകാരം പരാമർശം (3) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL KUMAR D

അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലപ്പുഴ.

കോർപ്പറേറ്റ് മാനേജർ, ലൂഥറൻ സ്കൂൾസ്, ഇൻഡ്യ ഇവാഞ്ചലിക്കൽ ലൂഥറൻ ചർച്ച്,
ട്രിവാൻഡ്രം സിനോഡ്, പേരൂർക്കട, തിരുവനന്തപുരം-695 005.

ശ്രീമതി ടി റാണി, എൽ.പി.എസ്.ടി, ലൂഥറൻ എച്ച്.എസ്, സൗത്ത് ആര്യാട്, ആലപ്പുഴ.

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം,തിരുവനന്തപുരം

നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Shajahan. S
Date: 08-06-2026 15:42:21

സെക്ഷൻ ഓഫീസർ